(സി) ഇല്ല.

(ഡി) വിജിലൻസ് കേസ്സിന്റെ പ്രതിമാസ അവലോകന റിപ്പോർട്ട് ഓരോ വകുപ്പിൽനിന്നും സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. വിജിലൻസ് ആഫീസർമാരുടെ കോൺഫറൻസുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്. വിജിലൻസ് ആഫീസർമാരുടെ വാർഷികയോഗം പ്രസ്തുത വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുകൂട്ടേണ്ടതും വകുപ്പുതല വിജിലൻസ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള എല്ലാ സുപ്രധാന കാര്യങ്ങളും പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്തു തീരുമാനമെടുക്കേണ്ടതുമാണ്.

(ഇ) 1999-ലും 2003-ലും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി വകുപ്പുതല വിജിലൻസ് ഉദ്യോഗസ്ഥൻമാരുടെ കോൺഫറൻസും പരിശീലനപരിപാടിയും നടത്തിയിട്ടുണ്ട്.

## ലക്ഷംവീട് പദ്ധതിയിൽപ്പെട്ട വീടുകളുടെ പുനരുദ്ധാരണം

*9 [389] ശ്രീ. എ. എൻ. രാജൻബാബു:
,, ഷിബു ബേബിജോൺ
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലക്ഷംവീട് പദ്ധതിപ്രകാരം അനുവദിച്ച വീടുകൾ അറ്റകുറ്റപണികൾ ചെയ്യാത്തതുമൂലം താമസയോഗ്യമല്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലക്ഷംവീട് പദ്ധതിൽപ്പെട്ട വീടുകളുടെ പുനരുദ്ധാരണത്തിന് സംസ്ഥാന സർക്കാർപ്രത്യേക ഫണ്ട് നീക്കിവച്ചിട്ടുണ്ടോ;

(സി) എങ്കിൽ മൊത്തം നീക്കിവച്ച തുക എത്രയെന്നും അതിൽ എത്ര ശതമാനം ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി ആന്റ് സി) ലക്ഷംവീട് പദ്ധതിയിൽപ്പെട്ട വീടുകളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല. എന്നാൽ ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly